2025
NOVEMBER
04
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പെൻഷൻകാർക്ക് വാതിൽപ്പടി സേവനങ്ങൾ

# ഇപിഎഫ്ഒ ഐപിപിബിയുമായി കൈകോർക്കുന്നു

**ഐപിപിബി 1.65 ലക്ഷത്തിലധികം പോസ്റ്റ് ഓഫീസുകളുടെയും 3 ലക്ഷത്തിലധികം തപാൽ സേവന ദാതാക്കളുടെയും വിപുലമായ ശൃംഖല ഉപയോഗപ്പെടുത്തും**




**ന്യൂഡൽഹി:** 1995 ലെ എംപ്ലോയീസ് പെൻഷൻ പദ്ധതി (ഇപിഎസ്’95) പ്രകാരം പെൻഷൻകാർക്ക് വാതിൽപ്പടി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് (ഡിഎൽസി) സേവനങ്ങൾ നൽകുന്നതിനായി, വാർത്താവിനിമയ മന്ത്രാലയത്തിലെ തപാൽ വകുപ്പിന് കീഴിൽ 100%വും ഇന്ത്യ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനമായ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐപിപിബി), കേന്ദ്ര ഉദ്യോഗ മന്ത്രാലയത്തിന് കീഴിലുള്ള എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനുമായി (ഇപിഎഫ്ഒ) ധാരണാപത്രം ഒപ്പുവച്ചു. ഐപിപിബി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ആർ. വിശ്വേശ്വരനും ഇപിഎഫ്ഒ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർ രമേഷ് കൃഷ്ണമൂർത്തിയും ധാരണാപത്രം കൈമാറി. കേന്ദ്ര തൊഴിൽ, യുവജനകാര്യ, കായിക വകുപ്പ് മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഈ സഹകരണത്തിലൂടെ, ഐപിപിബിഅവരുടെ 1.65 ലക്ഷത്തിലധികം പോസ്റ്റ് ഓഫീസുകളുടെയും വാതിൽപ്പടി ബാങ്കിംഗ് സംവിധാനങ്ങളുള്ള 3 ലക്ഷത്തിലധികം തപാൽ സേവന ദാതാക്കളുടെയും (പോസ്റ്റ്മാൻമാരുടെയും ഗ്രാമീൺ ഡാക് സേവകരുടെയും) വിപുലമായ ശൃംഖല ഉപയോഗപ്പെടുത്തും. മുഖം തിരിച്ചറിയൽ സാങ്കേതികവിദ്യയും ഫിംഗർപ്രിന്റ് ബയോമെട്രിക് ഓഥന്റിക്കേഷനും ഉപയോഗിച്ച് ഡിജിറ്റൽ പ്രക്രിയ വഴി, ഇപിഎഫ്ഒ പെൻഷൻകാർക്ക് അവരുടെ വീടുകളിൽ നിന്ന്തന്നെ സൗകര്യപ്രദമായി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ ഇത് സഹായകമാകും. പരമ്പരാഗത പേപ്പർ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ ബാങ്ക് ശാഖകളോ ഇപിഎഫ്ഒ ഓഫീസുകളോ സന്ദർശിക്കേണ്ടതിന്റെ ആവശ്യം ഇതോടെ ഇല്ലാതാകും. ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മുഴുവൻ ചെലവും ഇപിഎഫ്ഒ വഹിക്കുന്നതിനാൽ, പെൻഷൻകാർക്ക് ഈ സേവനം സൗജന്യമായിരിക്കും.

## സംസ്ഥാന ചലച്ചിത്ര അവാർഡ്

# മമ്മൂട്ടി നടൻ, നടി ഷംല ഹംസ, സംവിധായകൻ ചിദംബരം



**തൃശൂർ :** 55 മത് കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച നടൻ മമ്മൂട്ടി (ഭ്രമയുഗം), മികച്ച നടി ഷംല ഹംസ (ഫെമിനിച്ചി ഫാത്തിമ), മികച്ച സംവിധായകൻ ചിദംബരം (മഞ്ഞുമ്മൽ ബോയ്സ്). ഭ്രമയുഗത്തിലെ പോറ്റി-ചാത്തൻ കഥാപാത്രങ്ങളിലൂടെയാണ് മമ്മൂട്ടി മികച്ച നടനുള്ള അവാർഡ് ഏഴാം വട്ടവും സ്വന്തമാക്കിയത് . ഫെമിനിച്ചി ഫാത്തിമയുടെ ശ്രദ്ധേയയായ ഷംല ഹംസയാണ് മികച്ച നടി. മികച്ച രണ്ടാമത്തെ ചിത്രമെന്ന പുരസ്കാരവും ഈ സിനിമയ്ക്കാണ്. മഞ്ഞുമ്മൽ ബോയ്സ് സംവിധാനം ചെയ്ത ചിദംബരമാണ് മികച്ച സംവിധായകൻ. മികച്ച ചിത്രത്തിനു അവാർഡും മഞ്ഞുമ്മൽ ബോയ്സ് സ്വന്തമാക്കി. കൂടാതെ സ്വഭാവനടനായി സൗബിൻ ഷാഹിർ, ഛായാഗ്രാഹകനായി ഷൈജു ഖാലിദ്, ഗാനരചയിതാവ് വേടൻ, കലാസംവിധായകനായി അജയൻ ചാലിശേരി ശബ്ദമിശ്രണം, ശബ്ദരൂപകൽപന എന്നിവയിൽ ഫസൽ എ.ബക്കർ, ഷിജിൻ മെൽവിൻ ഹട്ടൻ തുടങ്ങി പത്തോളം പുരസ്കാരങ്ങളാണ് ചിത്രം സ്വന്തമാക്കിയത്.

നടന്ന സംഭവം എന്ന ചിത്രത്തിലെ അഭിനയത്തിന് ലിജോമോൾ മികച്ച സ്വഭാവ നടിക്കുള്ള അവാർഡ് സ്വന്തമാക്കി. ആസിഫ് അലി, ടൊവിനോ തോമസ്, ജ്യോതിർമയി, ദർശന രാജേന്ദ്രൻ എന്നിവർക്ക് അഭിനയത്തിൽ പ്രത്യേക ജൂറി പരാമർശം നേടി. മികച്ച സംഗീത സംവിധായകനായി സുഷിൻ ശ്യാം, ഗായകനായി കെ. എസ് ഹരിശങ്കറും ഗായികയായി സേബാ ടോമിയും തിരഞ്ഞെടുക്കപ്പെട്ടു. ഫെമിനിച്ചി ഫാത്തിമ സംവിധാനം ചെയ്ത ഫാസിൽ മുഹമ്മദ് ആണ് മികച്ച നവാഗത സംവിധായകനുള്ള പുരസ്ക്കാരം സ്വന്തമാക്കിയത്. മികച്ച വസ്ത്രാലങ്കാരത്തിനുള്ള അവാർഡ് സമീറ സനീഷും മികച്ച എഡിറ്റിംഗിനുള്ള അവാർഡ് ഇ. എസ് സൂരജും സ്വന്തമാക്കി. ഓൾ വി ഇമാജിൻ ആസ് ലൈറ്റ് എന്ന ചിത്രത്തിന്റെ സംവിധായികയും നിർമ്മാതവുമായ പായൽ കപാഡിയ്ക്ക് പ്രത്യേക ജൂറി പരാമർശം ലഭിച്ചു. തൃശൂർ രാമനിലയത്തിൽ മന്ത്രി സജി ചെറിയാനാണ് പ്രഖ്യാപനം നടത്തിയത്. ജൂറി അധ്യക്ഷൻ പ്രകാശ് രാജ്, ചലച്ചിത്ര അക്കാദമി ചെയർമാൻ റസൂൽ പൂക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു. അവാർഡ് നിർണയത്തിനായെത്തിയ 128 ചിത്രങ്ങളിൽ 38 എണ്ണമാണ് അവസാന റൗണ്ടിൽ എത്തിയത്.

# ഇന്ത്യയുടെ വിദ്യാഭ്യാസരംഗം രൂപപ്പെടുത്തുന്നതിൽ കേരളത്തിന് അതുല്യമായ പങ്ക്: ഉപരാഷ്ട്രപതി

**കൊല്ലം:** ഇന്ത്യയുടെ വിദ്യാഭ്യാസരംഗത്തെ രൂപപ്പെടുത്തുന്നതിൽ കേരളത്തിന്റെ പങ്ക് ശ്രദ്ധേയവും അതുല്യവുമാണെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.




മറ്റ് സംസ്ഥാനങ്ങൾ 40% സാക്ഷരതയിൽ എത്തിനിൽക്കുമ്പോൾ ഇന്ന് ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളമെന്നും അദ്ദേഹം പറഞ്ഞു. ലോകം



അനിശ്ചിതത്വം, കാലാവസ്ഥാ വ്യതിയാനം, ഡിജിറ്റൽ തടസ്സങ്ങൾ അല്ലെങ്കിൽ സാമൂഹിക വിഘടനം എന്നിവയുമായി മല്ലിടുന്ന സമയത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേവലം തൊഴിലിന് വേണ്ടി വിദ്യാർത്ഥികളെ സജ്ജമാക്കുകയല്ല, ശാസ്ത്രജ്ഞരെയും മികച്ച ഭരണകർത്താകളെയും സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

വിദ്യാർത്ഥികളെ ജോലിക്ക് വേണ്ടി മാത്രമല്ല, ജീവിതത്തിനായി അവരെ സജ്ജരാക്കുന്ന, വിമർശനാത്മക ചിന്ത, അനുകമ്പ, ആഗോള കാഴ്ചപ്പാട് എന്നിവയാൽ വാർത്തെടുക്കുന്ന കോളേജുകളാണ് നമുക്ക് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യമായി ഇന്ത്യയെ മാറ്റണമെന്നും അദ്ദേഹം പറഞ്ഞു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ലോകത്ത്, ധാർമ്മികതയിൽ വേരൂന്നിയ വിദ്യാഭ്യാസമാണ് സമഗ്രത, സേവനം, അറിവിനോടുള്ള ആദരവ് എന്നീ മൂല്യങ്ങളിലേക്ക് നമ്മെ ഉറപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സമയം കൃത്യമായി വിനിയോഗിക്കണമെന്നും, എല്ലാ കാര്യത്തിലും ഒരു സ്വയം നിയന്ത്രണം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ലഹരിക്കെതിരായ പോരാട്ടത്തിൽ അണിനിരക്കണമെന്ന് ഉപരാഷ്ട്രപതി വിദ്യാർത്ഥികളോടും അധ്യാപകരോടും നിർദ്ദേശിച്ചു ചെയ്തു. കൊല്ലം രൂപത ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര പെട്രോളിയം പ്രകൃതിവാതക ടൂറിസം സഹമന്ത്രി സുരേഷ് ഗോപി, സംസ്ഥാന ധനമന്ത്രി കെ. എൻ ബാലഗോപാൽ, കേരള ഗവണ്മെന്റിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ. വി തോമസ്, എം.എൽ.എമാരായ എം. നൗഷാദ്, പി. സി വിഷ്ണുനാഥ്, ഫാത്തിമ മാതാ കോളേജ് മാനേജർ ഫാ. അഭിലാഷ് ഗ്രിഗറി, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, കൊല്ലം മേയർ ഹണി ബെഞ്ചമിൻ, കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിന്ധ്യ കാതറിൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# തീരദേശ മേഖലയിലെ ജനങ്ങൾക്കായി സർക്കാർ നടപ്പാക്കുന്നത് നിരവധി പദ്ധതികളെന്ന് മന്ത്രി റിയാസ്

**കോഴിക്കോട്:** തീരദേശ മേഖലയിലെ ജനങ്ങൾക്കായി നിരവധി വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ സർക്കാറിന് സാധിച്ചതായി പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. മാറാട് നെറ്റ് മെൻഡിങ് യാർഡ് പ്രവൃത്തി ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പുനർഗേഹം, കടൽസുരക്ഷക്കായി ഇൻഷുറൻസ്, സമ്പാദ്യ സമാശ്വാസ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന സഹായം, സാന്ത്വന ചികിത്സാ പദ്ധതി, തീരദേശ റോഡുകളുടെ പുനരുദ്ധാരണം തുടങ്ങി നിരവധി പദ്ധതികൾ സർക്കാർ തീരദേശ സമൂഹത്തിനായി നടപ്പാക്കി വരുന്നുണ്ട്. നവകേരള സദസ്സിന്റെ ഭാഗമായി ബേപ്പൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഏഴ് കോടി രൂപ തീരദേശ മേഖലയിലെ വികസനത്തിനാണ്. ഫിഷ് ലാൻഡിങ് സെന്റർ യാഥാർഥ്യമാക്കാൻ നടപടി സ്വീകരിച്ചതായും മാറാട് മേഖലയിലെ 28 തീരദേശ റോഡുകളുടെ നവീകരണത്തിന് 13.65 കോടി അനുവദിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സി പി മുസാഫർ അഹമ്മദ് അധ്യക്ഷനായി. സംസ്ഥാന തീരദേശ വികസന കോർപറേഷൻ റീജ്യണൽ മാനേജർ കെ ബി രമേശ് റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർമാരായ കൊല്ലരത്ത് സുരേഷൻ, കെ രാജീവ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ബി കെ സുധീർ കൃഷ്ണൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു. കൗൺസിലർ വാടിയിൽ നവാസ് സ്വാഗതവും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി അനീഷ് നന്ദിയും പറഞ്ഞു.

ബേപ്പൂർ നിയോജക മണ്ഡലത്തിലെ മാറാട് പ്രദേശത്ത് നെറ്റ് മെൻഡിങ് യാർഡ് നിർമിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന 1.46 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പ്രവൃത്തിയുടെ നിർവഹണ ഏജൻസി. 352 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമിക്കുന്ന കെട്ടിടത്തിൽ വിശാലമായ വല നെയ്ത്ത് ഹാൾ, ഓപൺ ടെറസ് ഫലപ്രദമായി ഉപയോഗിക്കാൻ സൗകര്യമുള്ള സ്റ്റെയർ റൂം, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയാണ് ഒരുക്കുന്നത്.

# കുട്ടികൾക്കും വയോജനങ്ങൾക്കും പ്രാധാന്യം നൽകി പൊതു ഇടങ്ങൾ ഒരുക്കും

**കോഴിക്കോട്:** കുട്ടികൾക്കും വയോജനങ്ങൾക്കും പ്രാധാന്യം നൽകി പൊതു ഇടങ്ങൾ നിർമിക്കുകയും നവീകരിക്കുകയും ചെയ്യുമെന്ന് പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. നവീകരണം പൂർത്തിയാക്കിയ കൊളത്തറ റഹിമാൻ ബസാറിലെ മുല്ലവീട്ടിൽ അബ്ദുറഹിമാൻ പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് മികച്ച രീതിയിൽ പൊതു ഇടങ്ങൾ ഒരുക്കുക എന്നത് സർക്കാർ ലക്ഷ്യമാണ്. ഇതോടെ കേരളത്തിലെ ടൂറിസം കാഴ്ചപ്പാടുകൾ മാറും.

സമൂഹത്തിന്റെ എല്ലാ തലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് സർക്കാർ. അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയതിൽ അഭിമാനമുണ്ടെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കോർപറേഷൻ പൊതുമരാമത്ത് സ്ഥിരം സമിതി ചെയർപേഴ്സൺ പി സി രാജൻ അധ്യക്ഷനായി. സാഹിത്യകാരൻ പി കെ പാറക്കടവ് മുഖ്യാതിഥിയായി.




# കായിക മേഖലയിൽ നടപ്പിലാക്കിയത് 3400 കോടിയുടെ വികസനം

**മലപ്പുറം:** കായിക രംഗത്ത് ഒമ്പത് വർഷത്തിനിടെ 3400 കോടിയുടെ വികസനം നടപ്പിലാക്കിയെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. സംസ്ഥാനത്തിന് ആദ്യ സന്തോഷ് ട്രോഫി വിജയം സ്വന്തമാക്കിയ ടീമംഗങ്ങൾക്ക് നൽകിയ ആദരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കിഫ്ബിയിലൂടെ 600 കോടിയുടെ വികസനം പൂർത്തീകരിച്ചു. എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നവീകരണം ഉടൻ പൂർത്തിയാവും. നിലവിൽ ഫിഫ അംഗീകാരമില്ലാത്ത സ്റ്റേഡിയത്തിന് അടുത്ത ആഴ്ച അംഗീകാരം ലഭിക്കും. അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ സമഗ്ര കായിക പാഠ്യപദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ വി ആർ വിനോദ്, കായിക വകുപ്പ് ഡയറക്ടർ പി വിഷ്ണുരാജ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് എം.ആർ. രഞ്ജിത്ത് സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളായ എ. ശ്രീകുമാർ, അഡ്വ. രഞ്ജു സുരേഷ്, സ്പോർട്സ് ഫൗണ്ടേഷൻ കേരള ഡയറക്ടർ വി.പി. അനിൽകുമാർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പി. ഹൃഷികേശ് കുമാർ, വൈസ് പ്രസിഡന്റ് എം.നാരായണൻ എന്നിവർ സംസാരിച്ചു.



# കർഷകർ താമര കൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്തണം: മന്ത്രി പി. പ്രസാദ്

**നെടുമ്പാശ്ശേരി :** വാണിജ്യ അടിസ്ഥാനത്തിൽ വിപുലമായ സാധ്യതകളാണ് താമര കൃഷിക്ക് ഉള്ളതെന്ന് മന്ത്രി പി പ്രസാദ് പറഞ്ഞു. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ മധുരപ്പുറം മള്ളുശ്ശേരി പറമ്പുശേരി മാഞ്ഞാലിത്തോട് പാടശേഖരത്തിൽ ആരംഭിച്ച താമരകൃഷിയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. അനന്തമായ സാധ്യതകളാണ് താമര കൃഷി കർഷകർക്ക് നൽകുന്നത്. ക്ഷേത്രാവശ്യങ്ങൾക്ക് പുറമേ സൗന്ദര്യവർദ്ധക വസ്തുവായും ഭക്ഷ്യവസ്തുവായും ഇന്ന് താമരയുടെ പൂവുകളും തണ്ടും വിത്തുമെല്ലാം ഉപയോഗിക്കുന്നുണ്ട്.

താമരയുടെ വൈവിധ്യമാർന്ന ഉപയോഗങ്ങളെക്കുറിച്ച് കാർഷിക സർവ്വകലാശാല നടത്തിയിട്ടുള്ള പഠനങ്ങൾ പുസ്തകരൂപത്തിൽ ലഭ്യമാണെന്നും കൃത്യമായ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ താമരക്കൃഷിയിൽ നിന്നും നല്ല വരുമാനം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. അൻവർ സാദത്ത് എം എൽഎ മുഖ്യാതിഥിയായിരുന്നു. ജില്ലാ കൃഷി ഓഫീസർ സഞ്ജു സൂസൻ മാത്യു, ബ്ലോക്ക് പ്രസിഡണ്ട് ടി വി പ്രതീഷ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ വി സുനിൽ, വൈസ് പ്രസിഡണ്ട് ശോഭ ഭരതൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ജോമി, ഗ്രാമ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ആൻറണി കയ്യാല, ബിജി സുരേഷ്, ജെസ്സി ജോർജ്. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആനി കുഞ്ഞുമോൻ, ഗ്രാമ പഞ്ചായത്ത് മെമ്പർ മാർട്ടിൻ സി ഓ തുടങ്ങിയവർ പങ്കെടുത്തു.

# കോളേജ് വിദ്യാർഥികൾക്ക് പരിശീലനം

**കൊച്ചി:** തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡിയുടെ റീജിയണൽ സെന്ററിൽ കോളേജ് വിദ്യാർത്ഥികൾക്കായി യു.ജി.സി. നെറ്റ് പേപ്പർ II ( കമ്പ്യൂട്ടർ സയൻസ്) പരിശീലനം നൽകുന്നു. ഫോൺ: 0471-2660512 , 8547005087.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഭിന്നശേഷി സൗഹൃദ ഗ്രാമമാകാൻ മണീട്; പുനർജ്ജനി പദ്ധതി റിപ്പോർട്ട് പ്രകാശനം ചെയ്തു

**കൊച്ചി:** ജെയിൻ യൂണിവേഴ്സിറ്റി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), മണീട് ഗ്രാമപഞ്ചായത്ത് എന്നിവർ സംയുക്തമായി നടപ്പാക്കുന്ന ഭിന്നശേഷി സൗഹൃദ ഗ്രാമ പദ്ധതി പുനർജനിയുടെ ഒന്നാം ഘട്ട റിപ്പോർട്ട് പ്രകാശനം ചെയ്തു. ഗ്രാമീണ തലത്തിൽ ഐക്യരാഷ്ട്രസഭയുടെ പ്രധാന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കി എല്ലാവർക്കും ഗുണകരമാകുന്ന രീതിയിലുള്ള ഗ്രാമവികസനം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

മണീട് ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ്, പ്രോജക്ട് കോർഡിനേറ്ററും ജെയിൻ യൂണിവേഴ്സിറ്റി ഇക്കണോമിക്സ് വിഭാഗം മേധാവിയുമായ ഡോ. രേവതി കെ. ശിവദാസ്, കില ട്രെയിനിങ് കോർഡിനേറ്റർ എം.ജി കാളിദാസൻ എന്നിവർ ചേർന്നാണ് റിപ്പോർട്ട് പ്രകാശനം ചെയ്തത്. ചടങ്ങിൽ ജെയിൻ യൂണിവേഴ്സിറ്റിയിലെ അധ്യാപകർ, കില പ്രതിനിധികൾ, പ്രമുഖ ബിസിനസ് മാധ്യമപ്രവർത്തക ക്രിസ്റ്റീന ചെറിയാൻ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ആശാവർക്കർമാരുടെയും അങ്കണവാടി ടീച്ചേഴ്സിന്റെയും സഹായത്തോടെ, യൂണിവേഴ്സിറ്റിയിലെ ഇക്കണോമിക്സ്, കൊമേഴ്സ്, ലാംഗ്വേജസ് വിഭാഗങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പഞ്ചായത്ത് കേന്ദ്രീകരിച്ച് വിവരശേഖരണം നടത്തിയിരുന്നു.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ ആവശ്യങ്ങൾ, ശാക്തീകരണത്തിനുള്ള അവസരങ്ങൾ, അടിസ്ഥാന സൗകര്യ ലഭ്യത എന്നിവ വിലയിരുത്തുകയായിരുന്നു ലക്ഷ്യം. വിവരശേഖരണത്തിൽ ഉരുത്തിരിഞ്ഞ കണ്ടെത്തലുകളും ശുപാർശകളുമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം സമൂഹത്തിന് ഗുണകരമാകുന്ന മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. പുനർജനിയിലൂടെ ഈ ലക്ഷ്യമാണ് നിറവേറ്റുന്നതെന്ന് ജെയിൻ യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസിലർ പ്രൊഫ. ഡോ.ജെ ലത പറഞ്ഞു.

സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ ജെയിൻ യൂണിവേഴ്സിറ്റി പ്രതിജ്ഞാബദ്ധമാണെന്ന് ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.

ഇക്കണോമിക്സ് വിഭാഗം മേധാവി ഡോ. രേവതി കെ. ശിവദാസ്, സ്കൂൾ ഓഫ് കൊമേഴ്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആശ എ. ജി., ലാംഗ്വേജസ് വിഭാഗം മേധാവി ഡോ. ബിൻസി മോൾ ബേബി, ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ അന്നു ജോർജ്, ടീസൺ സി. ജെ. എന്നിവരാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

# അമീബിക് മസ്തിഷ്കജ്വരത്തിന്റെ പുതിയ വകഭേദം; അപകടനില തരണം ചെയ്ത് ലക്ഷദ്വീപ് സ്വദേശിനി

**കൊച്ചി:** അമീബിക് മസ്തിഷ്കജ്വരം ബാധിച്ച്, കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ ചികിത്സയിലുള്ള ലക്ഷദ്വീപ് സ്വദേശിനി അപകടനില തരണം ചെയ്തു. ഇടപ്പള്ളിയിൽ ജോലി ചെയ്തുവരുന്ന യുവതി, നിലവിൽ ഡോക്ടർമാരുടെ നിരീക്ഷണത്തിലാണ്. അമീബിക് മസ്തിഷ്കജ്വര രോഗികളിൽ സാധാരണയായി കാണുന്ന നെഗ്ലീരിയയിൽ നിന്ന് വ്യത്യസ്തമായി അകന്തമീബ എന്ന പുതിയ വകഭേദമാണ് യുവതിയിൽ കണ്ടെത്തിയത്. ഈ വകഭേദം ജില്ലയിൽ ആദ്യമായാണ് റിപ്പോർട്ട് ചെയ്യുന്നത്.

മൂന്നാഴ്ച മുമ്പാണ് കഠിനമായ തലവേദന, ഛർദ്ദി, കണ്ണിന്റെ ചലന വൈകല്യം എന്നിവയെത്തുടർന്ന് യുവതിയെ ആസ്റ്റർ മെഡ്സിറ്റിയിൽ പ്രവേശിപ്പിച്ചത്. തുടർന്ന് നടത്തിയ പരിശോധനയിൽ തലച്ചോറിന്റെ ഇടതുവശത്ത് പഴുപ്പ് കണ്ടെത്തി. മസ്തിഷ്കരോഗമാണോ എന്ന കണ്ടെത്താനുള്ള പ്രാഥമിക പരിശോധനകൾ തൃപ്തികരമല്ലായിരുന്നു. പിന്നീട് നടത്തിയ സെറിബ്രോസ്പൈനൽ ഫ്ളൂയിഡ് വിശകലനത്തിലാണ്, അകന്തമീബ വകഭേദം മൂലമുള്ള അണുബാധയാണെന്ന് സ്ഥിരീകരിച്ചത്. ചികിത്സയുടെ ആദ്യ ഘട്ടം മുതൽ പുരോഗതി കാണിച്ച രോഗിയുടെ ആരോഗ്യനില, നിലവിൽ തൃപ്തികരമാണ്.സാധാരണ റിപ്പോർട്ട് ചെയ്യപ്പെടുന്ന നെഗ്ലീരിയയെ അപേക്ഷിച്ച്, അപകടം കുറഞ്ഞ ഉപവിഭാഗമാണ് അകന്തമീബയെന്ന്, രോഗിയെ ചികിത്സിച്ച, ആസ്റ്റർ മെഡ്സിറ്റി ന്യൂറോളജി ആന്റ് എപ്പിലപ്സി മാനേജ്മെന്റ് സീനിയർ കൺസൾട്ടന്റ് ഡോ. സന്ദീപ് പത്മനാഭൻ പറഞ്ഞു.

തുടക്കത്തിൽ തന്നെ രോഗനിർണയം നടത്താനായത് ചികിത്സയ്ക്ക് ഏറെ സഹായകമായി. രോഗിയുടെ ആരോഗ്യം പൂർണമായും വീണ്ടെടുക്കുന്നതിനുള്ള പരിചരണവും നിരീക്ഷണവും തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ആസ്റ്റർ മെഡ്സിറ്റി ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അനൂപ് ആർ വാര്യർ, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. കൃഷ്ണപ്രഭ പി എന്നിവരും ചികിത്സാ സംഘത്തിൽ ഉണ്ടായിരുന്നു.

# സ്റ്റാൻഡിംഗ് കൗൺസിൽമാരുടെ എംപാനൽമെന്റിന് അപേക്ഷിക്കാം

**കൊച്ചി:** മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള ഓംബുഡ്സ്പേഴ്ൺ / ഓംബുഡ്സ്പേഴ്ൺ അപ്പലേറ്റ് അതോറിറ്റി എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി കക്ഷികളായി വരുന്ന കേസുകളിൽ നിയമ സഹായം നൽകുന്നതിന് സ്റ്റാൻഡിംഗ് കൗൺസിൽമാരെ എംപാനൽ ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കുന്നതിന് താത്പര്യമുള്ള ഉദ്യോഗാർഥികൾ അപേക്ഷയോടൊപ്പം യോഗ്യത, പ്രവർത്തി പരിചയം, വയസ്, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

അപേക്ഷകൾ നവംബർ 15 ന് വൈകിട്ട് 5 ന് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസ്, മൂന്നാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം, പിൻ –695033 വിലാസത്തിൽ അയക്കണം.

# ഭരണഭാഷാ വാരാഘോഷം: കഥാരചന മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലാ ഭരണകൂടവും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും സംയുക്തമായി നടത്തുന്ന ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് കഥാരചന മത്സരം സംഘടിപ്പിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന മൽസരത്തിൽ ഇരുപത്തിയൊന്നോളം ജീവനക്കാർ പങ്കെടുത്തു. ഭരണഭാഷ വാരാഘോഷ ഏകോപന സമിതിയംഗം മജു മനോജ് മത്സരത്തിന് നേതൃത്വം നൽകി. വാരാഘോഷത്തിന്റെ ഭാഗമായി ഇന്ന് പ്രശ്നോത്തരി, കവിതാലാപനം എന്നീ മത്സരങ്ങൾ നടക്കും. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഭരണഭാഷാ വാരാചരണ സമാപന ദിനമായ നവംബർ ഏഴിന് വിതരണം ചെയ്യും.

# ആലങ്ങാട് വർക്ക് നിയർ ഹോം കേന്ദ്രം ആരംഭിച്ചു



**കൊച്ചി:** കേരളത്തിലെ വൈജ്ഞാനിക തൊഴിൽ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം കേന്ദ്രം ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു. വ്യവസായ
വകുപ്പ് മന്ത്രി പി രാജീവ് കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന സ്കില്ലിംഗ് കളമശ്ശേരി യൂത്ത് (സ്കൈ) പദ്ധതിയുടെ ഭാഗമായാണ് വർക്ക് നിയർ ഹോം യാഥാർഥ്യമായത്. ഐടി, ഐടി അനുബന്ധ മേഖലകളിലെ ജീവനക്കാർക്കും, ഫ്രീ ലാൻസ് പ്രൊഫഷണലുകൾക്കും മറ്റ് വൈജ്ഞാനിക തൊഴിലാളികൾക്കും ദീർഘദൂര യാത്ര ഒഴിവാക്കി വീടിനടുത്ത് ജോലി ചെയ്യാനുള്ള സൗകര്യമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. പ്രൊഫഷണലുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാദേശികതലത്തിൽ നൂതനമായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കാൻ ഇതുപോലെയുള്ള സംരഭങ്ങൾക്ക് സാധിക്കുമെന്ന് ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് പറഞ്ഞു. അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, തടസ്സമില്ലാത്ത വൈദ്യുതി, കോൺഫറൻസ് റൂം, വ്യക്തിഗത ജോലിസ്ഥലം, കഫറ്റീരിയ, സി.സി.ടി.വി തുടങ്ങിയ എല്ലാ ആധുനിക സൗകര്യങ്ങളും കേന്ദ്രത്തിലുണ്ട്.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളിലെ യുവജനങ്ങൾക്കാണ് കേന്ദ്രത്തിന്റെ പ്രയോജനം ലഭിക്കുക. വർക്ക് നിയർ ഹോം സൗകര്യത്തോടൊപ്പം തൊഴിൽ വിപണിയിലെ ആവശ്യമനുസരിച്ചുള്ള പരിശീലനം നൽകി യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ, വനിതകൾക്കായി ടാലി വിത്ത് റിയൽ ജി.എസ്.ടി , ഫോട്ടോഷോപ്പ്, കമ്പ്യൂട്ടർ, ഡി.ടി.പി തുടങ്ങിയ കോഴ്സുകളും നടന്നു വരുന്നുണ്ട്. ഇതിനുപുറമേ, സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള ഏജൻസികളുമായി സഹകരിച്ച്, സ്ത്രീപുരുഷ ഭേദമന്യേ ബ്ലോക്ക് പഞ്ചായത്തിലെ യുവജനങ്ങൾക്കായി കൂടുതൽ പുതിയ കോഴ്സുകൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്ന് വരികയാണ് എന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും സാക്ഷരതാ മിഷനും സംയുക്തമായി നടത്തുന്ന പത്താം തരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിലേക്ക് അധ്യാപകരെ ക്ഷണിച്ചു. പത്താം തരം തുല്യതാ കോഴ്സിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഐ.ടി, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലും അധ്യാപകരെ ആവശ്യമുണ്ട്. ഞായറാഴ്ചകളിലും മറ്റ് പൊതു അവധി ദിവസങ്ങളിലും തിരഞ്ഞെടുക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലായിരിക്കും ക്ലാസുകൾ നടക്കുക. പത്താംതരം തുല്യതാ കോഴ്സിന് അതത് വിഷയങ്ങളിൽ ബിരുദവും, ബി.എഡുമാണ് യോഗ്യത. ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് അതത് വിഷയങ്ങളിലെ മാസ്റ്റർ ബിരുദം, ബി.എഡ്, സെറ്റ് എന്നിവയാണ് യോഗ്യത. താൽപ്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഫോൺ നമ്പറും സഹിതം ജില്ലാ കോഓഡിനേറ്റർ, ജില്ലാ സാക്ഷരതാ മിഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്- 682030 എന്ന വിലാസത്തിൽ നവംബർ എഴിനകം അപേക്ഷ സമർപ്പിക്കണം. സർവീസിൽ നിന്നും വിരമിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. സന്നദ്ധ സേവനത്തിന് തയ്യാറുള്ള അധ്യാപകർ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഒപ്പം സത്യവാങ്മൂലം കൂടി നൽകണം. ഫോൺ: 0484-2426596, 9496877913

# ഡിജിറ്റൽ റീസർവേയിലൂടെ 'കൺക്ലൂസീവ് ടൈറ്റിൽ' ഉറപ്പാക്കും : മന്ത്രി കെ. രാജൻ



**കൊച്ചി:** ഭൂമിയുടെ അതിർത്തി തർക്കങ്ങൾ ഇല്ലാത്ത നവകേരളം ലക്ഷ്യമിട്ട്, സംസ്ഥാനത്തെ ഭൂ ഭരണ സമ്പ്രദായം സമൂലമായി പരിഷ്കരിച്ചു വരികയാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു. ഡിജിറ്റൽ റീസർവെ പൂർത്തിയാക്കി, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിയമപരമായ ചോദ്യങ്ങളില്ലാത്ത 'കൺക്ലൂസീവ് ടൈറ്റിൽ' ( അന്തിമമായ രേഖ) സമ്പ്രദായത്തിലേക്ക് കേരളം അതിവേഗം നീങ്ങുകയാണ്. മണീട് സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ നടപ്പാക്കി കൊണ്ടിരിക്കുകയാണ് കേരളത്തിലെ റവന്യൂ വകുപ്പ്. ദുരന്ത നിവാരണം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള ബൃഹത്തായ ചുമതലകൾ നിർവഹിക്കുന്ന വകുപ്പിൽ ആധുനികവൽക്കരണത്തിനാണ് ഏറ്റവും പ്രാധാന്യം നൽകുന്നത്.

എല്ലാവരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന മഹത്തായ പ്രക്രിയയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. പട്ടയം വിതരണം ചെയ്ത് ഭൂമിയുടെ ഉടമകളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 4,11,000 ആയി വർദ്ധിച്ചു. ഭൂപരിഷ്കരണ നിയമത്തിലൂടെ ലോകശ്രദ്ധ പിടിച്ചു പറ്റിയ കേരളം, ഇപ്പോൾ ഭൂ ഭരണത്തിന്റെ ആധുനിക വൽക്കരണം കൊണ്ടും ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റാനുള്ള ശ്രമത്തിലാണ്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഡിജിറ്റൽ റീസർവെ അതിവേഗം നടപ്പാക്കി തുടങ്ങി. രണ്ടു വർഷക്കാലം കൊണ്ട് 8,68,000 ഹെക്ടർ ഭൂമിയും 64 ലക്ഷം ലാൻഡ് പാഴ്സലുകളും അളന്നു തിട്ടപ്പെടുത്താൻ സാധിച്ചു. 2031 ൽ എത്തുമ്പോഴേക്കും ഭൂമിയുടെ രേഖയ്ക്ക് തർക്കമില്ലാത്ത ഒരു 'കൺക്ലൂസീവ് ടൈറ്റിൽ' സമ്പ്രദായം രൂപീകരിക്കുകയാണ് ലക്ഷ്യം. ആധുനിക അടയാളപ്പെടുത്തലുകളോടെ, ഒരു വ്യക്തിയുടെ ഭൂമി എവിടെ എന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കുന്ന വിധത്തിൽ ഓരോ മനുഷ്യന്റെയും ഭൂമിയുടെ ഗ്യാരണ്ടി സർക്കാർ ഉറപ്പാക്കും.

ഈ യാത്രയുടെ ഭാഗമായി, 2026 ജനുവരി മാസം മുതൽ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഭൂമിയുമായി ബന്ധപ്പെട്ട സകല വിവരങ്ങളും ഉൾക്കൊള്ളുന്ന റവന്യൂ ഡിജിറ്റൽ കാർഡ് സംസ്ഥാനത്ത് ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. വില്ലേജ് ഓഫീസ് കെട്ടിടം സ്മാർട്ട് ആയാൽ മാത്രം പോരാ, ഉദ്യോഗസ്ഥർ സ്മാർട്ടാകുമ്പോഴാണ് അത് പൂർണ്ണമാകുന്നത്. ബുദ്ധിമുട്ടുകളുമായി വരുന്ന സാധാരണക്കാരോട് ചട്ടങ്ങൾ പറഞ്ഞ് പേടിപ്പിക്കാതെ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയാണ് വില്ലേജ് ഓഫീസുകൾ സ്മാർട്ടാകേണ്ടത് എന്നും മന്ത്രി കൂട്ടിചേർത്തു. അനൂപ് ജേക്കബ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

# സൂപ്പർ കപ്പ്: തകർപ്പൻ ജയവുമായി ബ്ലാസ്റ്റേഴ്സ്

**പനാജി:** സൂപ്പർ കപ്പ് പോരാട്ടങ്ങളിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിക്ക് തുടർച്ചയായ രണ്ടാം വിജയം. ജി.എം.സി ബാംബോളിം സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സ്പോർട്ടിങ് ക്ലബ്ബ് ഡൽഹിയെയാണ് ബ്ലാസ്റ്റേഴ്സ് ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് (3-0) തകർത്തത്.

സ്പാനിഷ് സ്ട്രൈക്കർ കോൾഡോ ഒബിയെറ്റ ആദ്യ പകുതിയിൽ നേടിയ ഇരട്ട ഗോളുകളും, പിന്നാലെ കൊറോ സിങ് നേടിയ ഗോളുമാണ് വിജയം സമ്മാനിച്ചത്. മുൻ മത്സരത്തിൽ നിന്ന് രണ്ട് മാറ്റങ്ങളുമായാണ് മുഖ്യപരിശീലകൻ കാറ്റല ടീമിനെ ഇറക്കിയത്. ഡൂസൻ ലഗേറ്റർ, നോഹ സദൂയി എന്നിവർ ആദ്യ ഇലവനിൽ ഇടം നേടി. ഈ മത്സരത്തിൽ അഞ്ച് വിദേശ താരങ്ങളെയാണ് അദ്ദേഹം കളത്തിലിറക്കിയത്. കളി തുടങ്ങിയത് മുതൽ ബ്ലാസ്റ്റേഴ്സ് ആക്രമണ മികവ് കാട്ടി. ആദ്യ മിനിറ്റുകളിൽത്തന്നെ നോഹയുടെ ഷോട്ട് ഡൽഹി ഗോൾകീപ്പറെ പരീക്ഷിച്ചു. തുടർന്ന് ലഭിച്ച കോർണറിൽ ഹുവാൻ റോഡ്രിഗസിന്റെ ഹെഡർ ക്രോസ് ബാറിൽ തട്ടി മടങ്ങിയത് ഗോളിന് തൊട്ടടുത്തെത്തിയ നിമിഷമായിരുന്നു.

ബ്ലാസ്റ്റേഴ്സിന്റെ തുടർച്ചയായ സമ്മർദ്ദത്തിന് ഫലം കണ്ടത് 18-ാം മിനിറ്റിലാണ്, ഡൽഹിയുടെ പ്രതിരോധനിര വരുത്തിയ പിഴവിൽ നിന്ന് പന്ത് റാഞ്ചിയ കോൾഡോ ഒബിയെറ്റ ശാന്തമായി പന്ത് വലയിലെത്തിച്ച് ബ്ലാസ്റ്റേഴ്സിന് ലീഡ് നൽകി. ഉയർന്ന സമ്മർദ്ദവും വേഗത്തിലുള്ള മുന്നേറ്റങ്ങളും ബ്ലാസ്റ്റേഴ്സ് പിന്നെയും തുടർന്നു, പത്ത് മിനിറ്റിനുള്ളിൽത്തന്നെ നിഹാൽ സുധീഷിന്റെ മനോഹരമായ നീക്കത്തിൽ നിന്ന് വീണ്ടും അവസരം ലഭിച്ച കോൾഡോ, ക്ലിനിക്കൽ ഫിനിഷിങ്ങിലൂടെ ലീഡ് രണ്ടാക്കി ഉയർത്തി. 33-ാം മിനിറ്റിൽ ക്യാപ്റ്റൻ അഡ്രിയാൻ ലൂണ നൽകിയ കൃത്യതയാർന്ന ലോങ് പാസ് കൊറോ സിങ്ങിന്റെ കാലുകളിലേക്ക്. യുവതാരം പിഴവുകളില്ലാതെ മികച്ച ഫിനിഷിങ്ങിലൂടെ പന്ത് വലയിലെത്തിച്ച് ആദ്യ പകുതി അവസാനിക്കുന്നതിന് മുൻപ് തന്നെ സ്കോർ 3-0 ആക്കി. ബ്ലാസ്റ്റേഴ്സ് സമ്പൂർണ്ണ ആധിപത്യം പുലർത്തിയ ആദ്യ പകുതിയിൽ ഡൽഹി പൂർണ്ണമായും പ്രതിരോധത്തിലേക്ക് വലിഞ്ഞു.

രണ്ടാം പകുതിയിലും കളിയിലെ നിയന്ത്രണം ബ്ലാസ്റ്റേഴ്സ് വിട്ടുകൊടുത്തില്ല. നിഹാലിന്റെ തകർപ്പൻ മുന്നേറ്റങ്ങൾ, നോഹയുടെയും കൊറോയുടെയും ഷോട്ടുകൾ എന്നിവ ഡൽഹി ഗോൾകീപ്പറെ നിരന്തരം പരീക്ഷിച്ചു. 55-ാം മിനിറ്റിൽ വിബിൻ മോഹനൻ, ഐബാൻ ദോഹ്ലിങ് എന്നിവരെ ഇറക്കി കാറ്റല ടീമിന്റെ താളം നിലനിർത്തി. ഡൽഹി ആക്രമിക്കാൻ ശ്രമിച്ചെങ്കിലും, ഹുവാൻ റോഡ്രിഗസ്, ബികാഷ് യുമ്നം എന്നിവരടങ്ങിയ ബ്ലാസ്റ്റേഴ്സിന്റെ ശക്തമായ പ്രതിരോധം അതിനെല്ലാം തടയിട്ടു.




മത്സരത്തിന്റെ അവസാന നിമിഷങ്ങളിൽ ബ്ലാസ്റ്റേഴ്സിനായി പോർച്ചുഗീസ് താരം ടിയാഗോ ആൽവെസ് അരങ്ങേറ്റം കുറിച്ചു, അധിക സമയത്ത് ലഭിച്ച ഫ്രീകിക്ക് എടുത്ത ടിയാഗോയുടെ ഷോട്ട് ക്രോസ് ബാറിൽ തട്ടി ഗോളാകാതെ പോയി. തുടർച്ചയായ രണ്ട് വിജയങ്ങളോടെ ആറ് പോയിന്റുകളും രണ്ട് ക്ലീൻ ഷീറ്റുകളും നേടി ബ്ലാസ്റ്റേഴ്സ് മുന്നേറുകയാണ്. ടീമിന്റെ ആക്രമണ മികവ്, തന്ത്രപരമായ അച്ചടക്കം, സംയമനം എന്നിവ കാറ്റലയുടെ പുതിയ ഫുട്ബോൾ ശൈലിയെയാണ് സൂചിപ്പിക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സ് നവംബർ 6ന് ഗ്രൂപ്പ് സ്റ്റേജിലെ നിർണായക മത്സരത്തിൽ മുംബൈ സിറ്റിയെ നേരിടും.

## ലൈറ്റ് മോട്ടോർ വെഹിക്കിൾ മേഖല: തെളിവെടുപ്പ് യോഗം 11 ന്

**കൊച്ചി:** സംസ്ഥാനത്തെ ലൈറ്റ് മോട്ടോർ വെഹിക്കിൾ മേഖലയിലെ തൊഴിലാളികൾക്കായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി നവംബർ 11ന് തൃശ്ശൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിൽ (രാമനിലയം) രാവിലെ 11 മണിക്ക് മിനിമം വേതന ഉപദേശക ഉപസമിതി തെളിവെടുപ്പ് യോഗം ചേരും. തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകൾക്ക് വേണ്ടിയാണ് തെളിവെടുപ്പ് യോഗം ചേരുന്നത്. യോഗത്തിൽ ഈ മൂന്നു ജില്ലകളിൽ നിന്നുമുള്ള പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളി / തൊഴിലുടമ പ്രതിനിധികൾ പങ്കെടുത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തണമെന്ന് സമിതി സെക്രട്ടറി അറിയിച്ചു.

## അയ്യമ്പുഴ കൃഷിഭവൻ ഉദ്ഘാടനം ചെയ്തു

**അയ്യമ്പുഴ :** കൃഷി ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിൽ എത്തി കർഷകർക്കിടയിൽ പ്രവർത്തിക്കുന്നവരാകണം. കൃഷിഭവനുകൾ അവർക്കൊരു ഇടത്താവളം മാത്രമാകണമെന്നും കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. റോജി ജോൺ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 46 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിച്ച അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ കെട്ടിടം ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.കൃഷിഭവനുകൾ കർഷകർക്ക് അവരുടെ വീട് പോലെ തന്നെ സുരക്ഷിതത്വം നൽകുന്ന ഒരിടമായി അനുഭവപ്പെടണം. സ്മാർട്ട് ആയ സേവനങ്ങൾ കർഷകർക്ക് ലഭ്യമാകുന്ന സ്ഥലമായി കൃഷിഭവങ്ങൾ മാറണമെന്നും അദ്ദേഹം പറഞ്ഞു. റോജി എം. ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി മുഖ്യ അതിഥിയായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യാ തങ്കച്ചൻ, വൈസ് പ്രസിഡന്റ് ബിജു കാവുങ്ങ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. യു ജോമോൻ, വൈസ് പ്രസിഡന്റ് റിജി ഫ്രാൻസിസ്, ജില്ല കൃഷി ഓഫീസർ സഞ്ജു സൂസൻ മാത്യു, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ടി. ആർ മുരളി, റെജി വർഗീസ്, വാർഡ് മെമ്പർ വർഗീസ് മാണികൃത്താൻ, ബിൽസി പി. ബിജു, ജയ ഫ്രാൻസിസ് , ശ്രുതി സന്തോഷ് , ലൈജു ഈരാളി , മേരി ജോണി, കൃഷി ഓഫീസർ പോൾസൺ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർ പട്ടിക പുതുക്കൽ: അവസാന തീയതി നവംബർ അഞ്ചുവരെ നീട്ടി

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അവസാനതീയതി നവംബർ അഞ്ച് വരെ നീട്ടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 2025 ഒക്ടോബർ 25ന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ പേരില്ലാത്ത അർഹരായ വോട്ടർമാർക്കാണ് നവംബർ നാല്, അഞ്ച് തീയതികളിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ കഴിയുക. ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ നവംബർ 13 ഓടെ തുടർനടപടികൾ പൂർത്തിയാക്കുകയും നവംബർ 14 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുമെന്ന് ഇലക്ഷൻ കമ്മീഷൻ അറിയിച്ചു.

## നോർക്ക റൂട്ട്സ് പ്രീഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ

**തിരുവനന്തപുരം:** വിദേശ തൊഴിൽ കുടിയേറ്റത്തിന് മുന്നോടിയായുള്ള പരിശീലന പരിപാടിയായ നോർക്ക റൂട്ട്സ് പ്രീഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ നടപ്പു സാമ്പത്തിക വർഷത്തെ പരിപാടികൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംങിൽ നടക്കുന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിക്കും. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംങ് പ്രിൻസിപ്പൽ പ്രൊഫ. എസ്. ഗീതാകുമാരി ,നോർക്ക റൂട്ട്സ് അസിസ്റ്റന്റ് മാനേജർ (റിക്രൂട്ട്മെന്റ്) എസ്. സാനു കുമാർ നന്ദിയും പറയും. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് പ്രോഗാമുകൾ ഭാഷാ പരിശീലന പരിപാടികൾ എന്നിവ സംബന്ധിച്ച് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി. ജോസഫ് വിശദീകരിക്കും. ഉദ്ഘാടന ചടങ്ങിനുശേഷം ഉച്ചയ്ക്ക് ശേഷം 2:15 മുതൽ 4:45 വരെയാണ് പരിശീലന പരിപാടി. വിദേശരാജ്യത്തേയ്ക്ക് തൊഴിലിനോ പഠനത്തിനോ പോകുന്ന കേരളീയർക്ക് സുരക്ഷിത കുടിയേറ്റം, നിയമപരമായ പ്രക്രിയകൾ, തൊഴിലവകാശങ്ങൾ, വിദേശത്തെ തൊഴിൽ സാഹചര്യം, സാമൂഹിക സാംസ്കാരിക വൈവിധ്യങ്ങൾ, എമിഗ്രേഷൻ, വിസ നടപടിക്രമങ്ങൾ, റിക്രൂട്ട്മെന്റ് ഏജൻസികളുടെ ആധികാരികത, തൊഴിൽ കരാറുകളിൽ പരിശോധിക്കേണ്ട വിഷയങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ അവബോധം നൽകുന്ന നോർക്ക റൂട്ട്സിന്റെ പദ്ധതിയാണ് പ്രീഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചിമുസിരിസ് ബിനാലെ: 'പ്രിമോർഡിയൽ' ബിനാലെയുടെ ഹൃദയം

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയുടെ (കെഎംബി) ആറാം പതിപ്പിൽ പ്രദർശനങ്ങൾക്കൊപ്പം നടക്കാനിരിക്കുന്ന മറ്റ് അനുബന്ധപരിപാടികൾ കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രഖ്യാപിച്ചു. സംഭാഷണങ്ങൾ, സിനിമ, ഭക്ഷണ ശീലങ്ങൾ, സംഗീതം, നാടകം, വർക്ക്ഷോപ്പുകൾ, നൃത്താവതരണങ്ങൾ തുടങ്ങി പ്രതിഭാധനരുടെ വലിയൊരു നിര തന്നെ ബിനാലെയിൽ വ്യത്യസ്ത പരിപാടികൾ അവതരിപ്പിക്കും. ഇക്കുറി ബിനാലെ പവലിയൻ നിർമ്മിക്കുന്നത് ആർക്കിടെക്റ്റ് സെന്തിൽ കുമാർ ദോസ് ആണ്. 'പ്രിമോർഡിയൽ' എന്ന് പേരിട്ടിരിക്കുന്ന ഈ പവലിയനാകും ബിനാലെയുടെ ഹൃദയമെന്ന് ഫൗണ്ടേഷൻ വ്യക്തമാക്കി. ലോക പ്രശസ്ത സമകാലീന കലാകാരി മറീന അബ്രമോവിച്ച് അവതരിപ്പിക്കുന്ന പ്രകടനം, ഇന്ത്യൻ മഹാസമുദ്രത്തിന്റെ ചരിത്രങ്ങൾ പര്യവേക്ഷണം ചെയ്യുന്ന സൗത്ത് ബൈ സൗത്ത് പരിപാടിയും പ്രദർശനങ്ങളിലെ ചില ആകർഷണങ്ങളാണ്.

കേരളത്തിൽ നിന്നുള്ള 36 കലാകാരരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്ന 'ഇടം' ഐശ്വര്യ സുരേഷ്, കെ എം മധുസൂദനൻ എന്നിവർ ചേർന്ന് ക്യൂറേറ്റ് ചെയ്യുന്നു. മൂന്ന് വേദികളിലായാണ് 'ഇടം' അരങ്ങേറുന്നത്. ഇതിനകം പ്രഖ്യാപിച്ച സ്റ്റുഡന്റ്സ് ബിനാലെയിൽ രാജ്യത്തുടനീളമുള്ള 150 കലാവിദ്യാലയങ്ങളിൽ നിന്നുള്ള 70 കലാസൃഷ്ടികളാണ് നാല് വേദികളിലായി പ്രദർശിപ്പിക്കുന്നത്. ബിനാലെ ഫൗണ്ടേഷന്റെ ഒരു പ്രധാന സംരംഭമായ ആർട്ട് ബൈ ചിൽഡ്രൻ (എബിസി) പ്രോഗ്രാം വർക്ക്ഷോപ്പുകൾക്കും ഇതിന്റെ ഭാഗമായി വേദിയൊരുങ്ങും. കെബിഎഫ് ന്റെ ആർട്ട് റെസിഡൻസി പ്രോഗ്രാമും പുനരാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ബാച്ചിലെ കലാകാരന്മാർക്ക് കൊച്ചി ആതിഥേയത്വം വഹിക്കും. പരിപാടികളുടെ വിശദാംശങ്ങളടങ്ങിയ പൂർണ്ണമായ പട്ടിക നവംബർ രണ്ടാം പകുതിയിൽ പ്രഖ്യാപിക്കുമെന്ന് കെബിഎഫ് അറിയിച്ചു. വൈവിദ്ധ്യം നിറഞ്ഞ ലോകത്തിന്റെ ആവാസവ്യവസ്ഥയെ 109 ദിവസം കൊച്ചിയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് ബിനാലെ ഫൗണ്ടേഷൻ പ്രോഗ്രാംസ് ഡയറക്ടറായ മാരിയോ ഡിസൂസ ചൂണ്ടിക്കാട്ടി. വർത്തമാനകാലത്തെ ഭിന്നിപ്പിക്കപ്പെട്ട, ധ്രുവീകരിക്കപ്പെട്ട ലോകത്ത് കലയുടെ പശ്ചാത്തലത്തിൽ ചിന്തിക്കാനും സന്തോഷം കണ്ടെത്താനും ഭക്ഷണം പങ്കിട്ട് കഴിക്കാനും, ദുഃഖിക്കാനും, കഴിയുന്നത് ഒരനുഗ്രഹമാണ്. തകർന്ന ലോകത്ത് പ്രതീക്ഷ നിലനിർത്തുന്നവരെയും ആദരിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നും മാരിയോ പറഞ്ഞു. ഡിസംബർ 12ന് ആരംഭിക്കുന്ന ബിനാലെ 2026 മാർച്ച് 31 വരെ തുടരും.

# 169 ശതമാനം ലാഭവളർച്ച നേടി ബിപിസിഎൽ

**കൊച്ചി:** രാജ്യത്തെ പ്രമുഖ പൊതുമേഖലാ എണ്ണക്കമ്പനിയായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) നടപ്പുസാമ്പത്തികവർഷത്തെ രണ്ടാംപാദത്തിൽ 6,442.53 കോടി രൂപ ലാഭം നേടി. മുൻവർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് 169 ശതമാനമാണ് വളർച്ച. മുൻവർഷം ഇത് 2,397.23 കോടി രൂപയായിരുന്നു. ഇക്കാലയളവിൽ 9.82 മില്യൺ മെട്രിക് ടൺ ഉൽപ്പാദനമാണ് ബിപിസിഎൽ റിഫൈനറികളിൽ നടന്നത്. ആഭ്യന്തര വിപണിയിലെ വിൽപന 2.26 ശതമാനം വർധിച്ച് 12.67 മില്യൺ മെട്രിക് ടണ്ണായി. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില കുറയുന്നതും പ്രവർത്തനച്ചെലവ് പരിമിതപ്പെടുത്തുന്നതും ലാഭം വർധിക്കുന്നതിന് കാരണമായി.

ബാരൽ ഒന്നിന് 10.78 ഡോളറാണ് ബിപിസിഎല്ലിന്റെ ലാഭം. കഴിഞ്ഞവർഷത്തെ സമാനപാദത്തിൽ ബാരലിന് 4.41 ഡോളറായിരുന്നു ലഭിച്ചിരുന്നത്. സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിലെ കണക്കുകളും വർധിച്ച നേട്ടമാണ് രേഖപ്പെടുത്തിയത്. 12,566.46 കോടി രൂപ അറ്റാദായം രേഖപ്പെടുത്തിയ ഇക്കാലയളവിൽ 2,51,148.79 കോടി രൂപയുടെ വരുമാനവും കരസ്ഥമാക്കി. മുൻവർഷത്തെ ആദ്യ പകുതിയുമായി താരതമ്യം ചെയ്യുമ്പോൾ 132 ശതമാനത്തിന്റെ വർധനവാണ് ലാഭത്തിലുള്ളത്. ആഭ്യന്തര വിപണിയിലെ വിൽപന 2.74 ശതമാനം വർധിച്ച് 26.25 മില്യൺ മെട്രിക് ടണ്ണായി.

# ഡിഷ് ടി.വി യുടെ വി.ഇസഡ്.വൈ സ്മാർട്ട് ടെലിവിഷൻ കേരള വിപണിയിൽ

**കൊച്ചി:** ഡിഷ് ടിവി അവതരിപ്പിച്ച പുതിയ ഇന്റഗ്രേറ്റഡ് സ്മാർട്ട് ടിവി ബ്രാൻഡ് 'വി ഇസഡ് വൈ' കേരളത്തിൽ വിപണനം ആരംഭിച്ചു. മുൻനിര റീറ്റെയ്ൽ ഔട്ലെറ്റുകളിൽ വി ഇസഡ് വൈ സ്മാർട്ട് ടിവികൾ ഇപ്പോൾ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. കമ്പനിയുടെ ശക്തമായ വിതരണ ശൃംഖല സംസ്ഥാനത്തുടനീളമുള്ള ഉപഭോക്താക്കൾക്ക് പുതിയ ഉൽപ്പന്നത്തിന്റെ ലഭ്യത ഉറപ്പുവരുത്തുമെന്നും അധികൃതർ കൂട്ടിച്ചേർത്തു.

ലൈവ് ടെലിവിഷനും ഒ.ടി.ടി. അനുഭവങ്ങളും ഒറ്റ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിച്ച പുതിയ വിനോദലോകമാണ് വി ഇസഡ് വൈ സ്മാർട്ട് ടി വിയെന്ന് ഡിഷ് ടിവി ഇന്ത്യയുടെ ചീഫ് റവന്യൂ ഓഫീസർ സുഖ്പ്രീത് സിങ് പറഞ്ഞു. നൂതന സാങ്കേതികവിദ്യയെ വിലമതിക്കുന്നവരാണ് കേരളത്തിലെ ഉപഭോക്താക്കൾ. വി ഇസഡ് വൈ വെറുമൊരു സ്മാർട്ട് ടിവി എന്ന നിലയിലല്ല വിപണിയിൽ ഇറക്കിയിരിക്കുന്നത്. നൂതന സാങ്കേതികവിദ്യയിലൂടെ ഒരു സമ്പൂർണ വിനോദ അനുഭവമാണ് വി ഇസഡ് വൈ ഒരുക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വി ഇസഡ് വൈ സ്മാർട്ട് ടിവികൾ ഇൻബിൽറ്റ് ഡിടിഎച്ച് സെറ്റ് ടോപ്പ് ബോക്സ്, ഒ.ടി.ടി. ഇന്റഗ്രേഷൻ, 32 ഇഞ്ച് മുതൽ 55 ഇഞ്ച് വരെ ഫോർകെ യുഎച്ച്ഡി ക്യുഎൽഇഡി ഡിസ്പ്ലേ, ഡോൾബി വിഷൻ, ഡോൾബി ഓഡിയോ, പ്രീമിയം മോഡലുകളിൽ ഡോൾബി ആറ്റ്മോസും, ഗൂഗിൾ ടിവി 5 (ആൻഡ്രോയിഡ് 14) സംവിധാനം ഉൾപ്പെടെ മികച്ച ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നു.

# ഷാഡോഫാക്സ് ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സാങ്കേതിക വിദ്യാധിഷ്ഠിത പുതു തലമുറ തേർഡ് പാർട്ടി ലോജിസ്റ്റിക്സ് കമ്പനിയായ ഷാഡോഫാക്സ് ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യുഡിആർഎച്ച്പി 1) സമർപ്പിച്ചു. 10 രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 2,000 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 1,000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 1,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കയറ്റുമതിയിൽ 12 ലക്ഷം വാഹനങ്ങൾ പിന്നിട്ട് നിസാൻ

**കൊച്ചി:** കയറ്റുമതിയിൽ 12 ലക്ഷം വാഹനങ്ങൾ എന്ന നാഴികക്കല്ല് പിന്നിട്ട് നിസാൻ മോട്ടോർ ഇന്ത്യ. അടുത്തിടെ കാമരാജർ തുറമുഖത്ത് നിന്നും ജിസിസിയിലേക്കുള്ള നിസാൻ മാഗ്നൈറ്റ് ബിഎസ്‌യുവിയുടെ കയറ്റുമതിയോടെയാണ് ഈ നാഴികക്കല്ല് പിന്നിട്ടത്. എൽഎച്ച്ഡി, ആർഎച്ച്ഡി മാർക്കറ്റുകൾ ഉൾപ്പെടെ 65 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന നിസാൻ മാഗ്നൈറ്റാണ് നിസാൻ മോട്ടോർ ഇന്ത്യയുടെ ആഗോള കയറ്റുമതി ശക്തി. അടുത്ത വർഷം ഇന്ത്യയിൽ അവതരിപ്പിക്കാനൊരുങ്ങുന്ന പുതിയ സിഎസ്‌യുവിയായ നിസാൻ ടെക്ടോണും തിരഞ്ഞെടുത്ത അന്താരാഷ്ട്ര വിപണികളിലേക്ക് കയറ്റുമതി ഉണ്ടാകും. കയറ്റുമതി ആരംഭിച്ചതുമുതൽ ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, ലാറ്റിൻ അമേരിക്ക, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ വിപണികൾക്കായി നിസാൻ മാഗ്നൈറ്റിനെ കൂടാതെ നേരത്തെ നിസാൻ സണ്ണി, കിക്സ്, മൈക്ര എന്നിവയുൾപ്പെടെ വിവിധ മോഡലുകൾ നിസാൻ മോട്ടോർ ഇന്ത്യ കയറ്റുമതി ചെയ്തിട്ടുണ്ട്.

# റിലയൻസ് ജിയോയ്ക്ക് പുതിയ വരിക്കാരുടെ എണ്ണത്തിൽ വർധനവ്

**കൊച്ചി:** കേരളത്തിൽ, ജിയോ 66,000 പുതിയ മൊബൈൽ ഉപഭോക്താക്കളെ ചേർത്തതോടെ സബ്സ്ക്രൈബർമാരുടെ എണ്ണം 1.1 കോടിയായി ഉയർന്നുവെന്ന് റിലയൻസ് ജിയോ അധികൃതർ. വയർലൈൻ വിഭാഗത്തിലും ജിയോ 14,841 പുതിയ ഉപഭോക്താക്കളെ ചേർത്തു, ഇതോടെ കേരളത്തിലെ മൊത്തം ജിയോ വയർലൈൻ വരിക്കാരുടെ എണ്ണം 5.41 ലക്ഷമായി.

ദേശീയ തലത്തിൽ, റിലയൻസ് ജിയോ 32.49 ലക്ഷം വയർലെസ് ഉപഭോക്താക്കളെയും 2.12 ലക്ഷം വയർലൈൻ ഉപഭോക്താക്കളെയും പുതിയതായി നേടി രാജ്യത്തെ ഏറ്റവും വലിയ ടെലികോം കമ്പനിയായി വളർച്ച തുടർന്നു . ഫിക്സ്ഡ് വയർലെസ് ബ്രോഡ്ബാൻഡ് ഉപഭോക്താക്കളുടെ വർധനവോടെ, റിലയൻസ് ജിയോയുടെ മൊത്തം സബ്സ്ക്രൈബർ എണ്ണം ആദ്യമായി 50 കോടി കടന്നു. 50.64 കോടിയാണ് ഇപ്പോഴത്തെ മൊത്തം ഉപഭോക്തൃസംഖ്യ. രാജ്യത്തെ മൊത്തം ടെലികോം ഉപഭോക്തൃ സംഖ്യ സെപ്റ്റംബറിൽ നേരിയ തോതിൽ ഉയർന്ന് 122.89 കോടിയായി. ഇതിൽ 118.23 കോടി വയർലെസ് ഉപഭോക്താക്കളും 4.66 കോടി വയർലൈൻ ഉപഭോക്താക്കളുമാണ്. ബ്രോഡ്ബാൻഡ് ഉപഭോക്താക്കളുടെ എണ്ണം 99.56 കോടിയായി.

# അടിസ്ഥാന സൗകര്യ വികസനം; ഡിപി വേൾഡ് 5 ബില്യൺ ഡോളർ നിക്ഷേപം നടത്തും

**കൊച്ചി:** കയറ്റുമതിയ്ക്കും ആഭ്യന്തര വ്യാപാരത്തിനും കരുത്തുപകരുന്ന തങ്ങളുടെ സംയോജിത വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയിൽ 5 ബില്യൺ ഡോളർ കൂടി നിക്ഷേപിക്കാൻ ഡിപി വേൾഡ്. കഴിഞ്ഞ മൂന്ന് ദശകത്തിനിടെ ഡിപി വേൾഡ് ഇന്ത്യയിൽ നിക്ഷേപിച്ച 3 ബില്യൺ ഡോളറിന് പുറമേയാണിത്. ഇന്ത്യയുടെ അടിസ്ഥാന സൗകര്യമേഖല ശക്തിപ്പെടുത്തുന്നതിലും, മൾട്ടിമോഡൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിലും, ആഗോള വ്യാപാരത്തിൽ രാജ്യത്തിന്റെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഈ നിക്ഷേപങ്ങൾ.

ഇന്ത്യ മാരിടൈം വീക്ക് 2025ൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാളിന്റെ സാന്നിധ്യത്തിൽ ഡിപി വേൾഡ് ഒപ്പുവച്ച അഞ്ച് ധാരണാപത്രങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ നിക്ഷേപങ്ങൾ. ഇത് ഇന്ത്യയുടെ സമുദ്ര വ്യാപാര, ലോജിസ്റ്റിക് മേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ആഗോള വ്യാപാരത്തിൽ രാജ്യത്തിന്റെ സ്ഥാനം ദൃഢമാക്കുന്നതിനുമുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതാണെന്ന് ഡിപി വേൾഡിന്റെ ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ സുൽത്താൻ അഹമ്മദ് ബിൻ സുലായം പറഞ്ഞു. ഇന്ത്യാ മാരിടൈം വീക്കിൽ ഡിപി വേൾഡ് ഒപ്പുവച്ച ധാരണാപത്രങ്ങളിൽ ഗ്രീൻ കോസ്റ്റൽ ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണി, നൈപുണ്യ വികസനം, കൂടുതൽ മെച്ചപ്പെട്ട ചരക്കുനീക്കം എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയിലെ 200 ലധികം സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഡിപി വേൾഡിന്റെ ശൃംഖല രാജ്യത്ത് നേരിട്ടും അല്ലാതെയും 24,000 ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

# ജോൺട്യൂറിംഗ് വാട്സൺ സോഫ്റ്റ്വെയർ സൊല്യൂഷൻസ് ഇൻഫോപാർക്കിൽ പുതിയ ഓഫീസ് തുറന്നു

**കൊച്ചി:** ജോൺട്യൂറിംഗ് വാട്സൺ സോഫ്റ്റ് വെയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (ജെടിഡബ്ല്യു), കൊച്ചി ഇൻഫോപാർക്ക് ഫേസ് രണ്ടിലെ ജ്യോതിർമയയിൽ പുതിയ ഓഫീസ് ആരംഭിച്ചു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, സെസ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ വി. വിനീത, കസ്റ്റംസ് ഓഫീസർ അനൂപ് അരവിന്ദൻ എന്നിവർ ചേർന്ന് ഓഫിസ് ഉദ്ഘാടനം ചെയ്തു.

കമ്പനി ഡയറക്ടർമാരായ അനീഷ് മുരിങ്ങനോലിൽ, ശ്രീനാഥ് വാസുദേവൻ പിള്ള എന്നിവർക്കൊപ്പം ഇൻഫോപാർക്ക് ഉദ്യോഗസ്ഥരും ബിസിനസ്സാങ്കേതിക രംഗങ്ങളിലെ പ്രമുഖരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. പരമ്പരാഗത സംരംഭക സംവിധാനങ്ങളെ പുതുതലമുറ സാങ്കേതികവിദ്യകളുമായി ബന്ധിപ്പിക്കുന്ന സേവനങ്ങളാണ് ജെടിഡബ്ള്യു നൽകുന്നത്.

ഇന്ത്യയ്ക്ക് പുറമെ, യുഎസ്എ, യുകെ, ഗൾഫ് മേഖല തുടങ്ങിയ ഇടങ്ങളിലെ ഓഫ്ഷോർ ഡെവലപ്മെന്റിനും സേവന വിതരണത്തിനുമുള്ള കേന്ദ്രമായി പുതിയ ഇൻഫോപാർക്ക് ഓഫീസ് പ്രവർത്തിക്കും. കൊച്ചിയുടെ ഐടി ആവാസവ്യവസ്ഥയിൽ തങ്ങളുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്ന ജെടിഡബ്ല്യുവിന് പുതിയ ഓഫീസ് സുപ്രധാന നാഴികക്കല്ലാണ്. നവീകരണത്തിലും നൂതന സാങ്കേതികവിദ്യകളിലുമുള്ള വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി സംരംഭങ്ങൾക്ക് നൂതനഅവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം ഈ മേഖലയിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കാനും ജെടിഡബ്ള്യു ലക്ഷ്യമിടുന്നു.

# ഇൻഡസ് ഇന്റർനാഷണൽ ഹോൾഡിങ്– ഇൻവെസ്കോ സംയുക്ത സംരംഭം

കൊച്ചി: ഇൻഡസ് ഇൻ ബാങ്കിന്റെ പ്രമോട്ടർമാരായ ഇൻഡസ് ഇന്റർനാഷണൽ ഹോൾഡിങ് ഇൻവെസ് കോയുമായി ചേർന്ന് സംയുക്ത അസറ്റ് മാനേജ്മെന്റ് കമ്പനി രൂപവൽക്കരിക്കുന്ന നടപടികൾ പൂർത്തിയാക്കി. ഇൻവെസ്കോ അസറ്റ് മാനേജ്മെന്റ് ഇന്ത്യയുടെ 60% ഉടമസ്ഥതാവകാശം ഇൻഡസ് ഇന്റർനാഷണൽ ഹോൾഡിങ് കരസ്ഥമാക്കിയതിന് തുടർന്നാണ് ഇത്. ഇതുമായി ബന്ധപ്പെട്ട നിയന്ത്രണ സ്ഥാപന അനുമതികളെല്ലാം ലഭിച്ചിട്ടുമുണ്ട്. ശേഷിക്കുന്ന ഓഹരികൾ ഇൻവെസ്കോ കൈവശം വയ്ക്കും. 2025 സെപ്റ്റംബറിലെ കണക്കുകൾ പ്രകാരം ഇൻവെസ്കോ അസറ്റ് മാനേജ്മെന്റ് ഇന്ത്യ, രാജ്യത്തെ ഏറ്റവും വലിയ അസറ്റ് മാനേജ്മെന്റ് സ്ഥാപനമാണ്.

രാജ്യത്തെ 40 പട്ടണങ്ങളിൽ സാന്നിധ്യവുമായി 1,48,358 കോടി രൂപയുടെ ആസ്തികളാണ് സ്ഥാപനം ഈ വർഷം സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം കൈകാര്യം ചെയ്യുന്നത്. 2030ഓടെ ആഗോള സാമ്പത്തിക വൻ ശക്തിയായി ശ്രമങ്ങൾക്ക് ഉതകുന്നതും വളരെ കൃത്യമായ സമയത്ത് ഉള്ളതുമാണ് ഈ നീക്കമെന്ന് ഇൻഡസ് ഇൻഡ് ഇന്റർനാഷണൽ ഹോൾഡിങ് ചെയർമാൻ അശോക് ഹിന്ദുജ പറഞ്ഞു ഇൻവെസ്കോ അസറ്റ് മാനേജ്മെന്റ് ഇന്ത്യയുമായുള്ള സഹകരണം കൃത്യമായ അവസരത്തിൽ ഉള്ളതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയിലെ വരുമാന നില ഉയർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഈ കൂട്ടുകെട്ട് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

# സിഎ പ്രൊഫഷൻ ആഗോള നിലവാരത്തിൽ: ചരൺജോത് സിംഗ് നന്ദ

**കൊച്ചി:** സാങ്കേതികവിദ്യയുടെ ഉപയോഗത്തിലുടെയും നവീകരണത്തിലൂന്നിയും സിഎ പ്രൊഫഷൻ തുടർച്ചയായി വികസിച്ചുകൊണ്ടിരിക്കുകയാണെന്ന് ഐ.സി.എ.ഐ ദേശീയ പ്രസിഡന്റ് ചരൺജോത് സിംഗ് നന്ദ പറഞ്ഞു.

എറണാകുളത്ത് സിഎ ഓഫീസുകൾ മാത്രം പ്രവർത്തിയ്ക്കുന്ന ഫിൻക്ലേവ് സെന്ററിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉയർന്ന ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ഉയർന്ന ആഗോള നിലവാരം പുലർത്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ ( ഐസിഎഐ) പ്രൊഫഷണലുകളെ പ്രാപ്തരാക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഐ.സി.എ.ഐ സെൻട്രൽ കൗൺസിൽ അംഗം ബാബു എബ്രഹാം കള്ളിവയിൽ, ചാർട്ടേഡ് അക്കൗണ്ടന്റ് വേണുഗോപാൽ സി. ഗോവിന്ദ്, എസ്.ഐ.ആർ.സി സെക്രട്ടറി ദീപ വർഗീസ്, ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ എ.എസ് ആനന്ദ് , ലൂക്കോസ് ജോസഫ്, വി. രാജശേഖരൻ എന്നിവർ പ്രസംഗിച്ചു



# വിജിലൻസ് വാരാഘോഷം സമാപിച്ചു

കൊച്ചി : ബി.എസ്.എൻ.എൽ എറണാകുളം ബിസിനസ് ഏരിയായിലെ വിജിലൻസ് ബോധവൽകരണ വാരാഘോഷ പരിപാടികൾ സമാപിച്ചു. ബി.എസ്.എൻ.എൽ മുഖ്യ കാര്യാലയത്തിൽ പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ. ഫ്രാൻസിസ് ജേക്കബിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കൊച്ചി സിറ്റി പോലീസ് കമ്മിഷണർ ഡി.ഐ.ജി പുട്ട വിമലാദിത്യ മുഖ്യാതിഥി ആയിരുന്നു. ബി.എസ്.എൻ. എൽ ജനറൽ മാനേജർ എസ്. കെ രാജീവ്, ഐഫ്. എ ദർശന, അസിസ്റ്റന്റ് ജനറൽ മാനേജർ വിജിലൻസ് ഷിനോജ് വട്ടക്കുഴി തുടങ്ങിയവർ പങ്കെടുത്തു. സ്കൂൾ വിദ്യാർഥികൾക്കും ബി. എസ്.എൻ.എൽ ഉദ്യോഗസ്ഥർക്കുമായി നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് മുഖ്യാതിഥി സമ്മാനങ്ങൾ വിതരണം ചെയ്യുകയും വിജിലൻസ് വാരാഘോഷ സന്ദേശം നൽകുകയും ചെയ്തു.

# മീകോസ് സീഫുഡ് മേളയ്ക്ക് ഇന്ന് സിഎംഎഫ്ആർഐയിൽ തുടക്കം

**കൊച്ചി:** നാലാമത് ആഗോള മറൈൻ സിമ്പോസിയത്തിന്റെ (മീകോസ് 4) ഭാഗമായി പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന മീകോസ് സീഫുഡ് മേളയ്ക്ക് ഇന്ന് സിഎംഎഫ്ആർഐയിൽ തുടക്കം. നീരാളി വിഭവങ്ങളുടെ പാചക പ്രദർശനം മേളയിൽ മുഖ്യ ആകർഷണമാകും. സമുദ്രവിഭവങ്ങളുടെ രുചിവൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്ന മേളയിൽ പരമ്പരാഗതവും നൂതനവുമായ കടൽവിഭവങ്ങൾ ലഭ്യമാകും.



കല്ലുമ്മക്കായ, നീരാളി, ചെമ്മീൻ വിഭവങ്ങളുടെ തദ്ദേശീയ രുചിക്കൂട്ടുകൾ സീഫുഡ് പ്രേമികളെ ആകർഷിക്കും. സ്ത്രീ കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, സീഫുഡ് സംരംഭകർ തുടങ്ങിയവരുടെ സ്റ്റാളുകൾ മേളയിലുണ്ട്. സീഫുഡ് ബിരിയാണി, സാഗര സദ്യ തുടങ്ങിയ പ്രത്യേക വിഭവങ്ങളും മേളയ്ക്ക് മാറ്റു കൂട്ടും. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് മേളയുടെ സമയം. പാചക പ്രദർശനം ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 5 വരെ നടക്കും.

# കോഴിക്കോട് ഐഡബ്ല്യുജി റീഗസ് സെന്റർ തുറന്നു

**കോഴിക്കോട്:** ഹൈബ്രിഡ് വർക്ക് സൊല്യൂഷനുകൾക്കായുള്ള ആഗോളതതലത്തിലെ പ്രമുഖ പ്ലാറ്റ്ഫോമായ ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് (ഐഡബ്ല്യുജി), കോഴിക്കോട് ഹൈലൈറ്റ് ബിസിനസ് പാർക്കിൽ റീഗസ് സെന്റർ ഉദ്ഘാടനം ചെയ്തു. പുതിയ സെന്ററിന്റെ ഉദ്ഘാടനത്തിലൂടെ ഇന്ത്യയിൽ അനിവാര്യമായ പുതിയൊരു ചുവടുവയ്പ് നടത്തുകയാണെന്ന് ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് സിഇഒയും സ്ഥാപകനുമായ മാർക്ക് ഡിക്സൺ പറഞ്ഞു.




ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പുമായുള്ള പങ്കാളിത്തം ഹൈലൈറ്റ് ബിസിനസ് പാർക്കിലേക്ക് ലോകോത്തരവും ഫ്ളെക്സിബിളുമായ വർക്ക്സ്പെയ്സ് പരിഹാരങ്ങൾ കൊണ്ടുവരാൻ പ്രാപ്തരാക്കുന്നതായി ഹൈലൈറ്റ് ബിസിനസ് പാർക്ക് എക്സിക്യൂട്ടീവ് മേധാവി ഹനു ഷെൽക്ക് പറഞ്ഞു.ഇന്റഗ്രേറ്റഡ് ടൗൺഷിപ്പിനുള്ളിൽ 569 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ പുതിയ കേന്ദ്രത്തിൽ 116 വർക്ക്സ്റ്റേഷനുകളും പൂർണ്ണമായും സജ്ജീകരിച്ച മീറ്റിംഗ് റൂമും ഉണ്ട്. രാജ്യത്തുടനീളം പ്രൊഫഷണലും ഫ്ളെക്സിബിളുമായ വർക്ക്സ്പേസുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ റീഗസ് സെന്റർ.

